ഐസിഡിഎസ് ബി6 /6020 /2020

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 24/04/2020
ഫോൺ :0471-2346508
ഈ-മെയിൽ : directorate.wcd@kerala.gov.in

## പരിപത്രം

വിഷയം : വനിത ശിശു വികസന വകുപ്പ്-ഐസിഡിഎസ്- അങ്കണവാടി ജീവനക്കാര്യം-കോവിഡ്-19പശ്ചാത്തലം- അങ്കണവാടി ജീവനക്കാരുടെ വിരമിക്കൽ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം : സ.ഉ(എം.എസ്) നം. 60/2014/സനീവ തീയതി 19.07.2014

അങ്കണവാടി ജീവനക്കാരുടെ പെൻഷൻ പ്രായം 62 വയസ്സായും വിരമിക്കൽ തീയതി ഏപ്രിൽ 30 ആയും ഏകീകരിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ എല്ലാ അങ്കണവാടി വർക്കർമാരെയും/ഹെൽപ്പർമാരെയും ഏപ്രിൽ 30 പ്രാബല്യത്തിൽ ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

1. 62 വയസ്സ് പൂർത്തിയായിട്ടുള്ള എല്ലാ അങ്കണവാടി വർക്കർമാരെയും/ഹെൽപ്പർമാരെയും ഏപ്രിൽ 30 അപരാഹ്നം പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്.
2. ഇപ്രകാരം വിടുതൽ ചെയ്യുന്ന അങ്കണവാടി വർക്കർമരെയും/ഹെൽപ്പർ മാരിൽ നിന്നും അങ്കണവാടിയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും മറ്റ് സ്ഥാവര ജംഗമ വസ്തുക്കളും ശിശുവികസന പദ്ധതി ഓഫീസർമാർ നിർദ്ദേശിക്കുന്ന വർക്കർ/ഹെൽപ്പർമാർക്ക് കൈമാറേണ്ടതും ആയതിന്റെ പകർപ്പ് അതത് ശിശു വികസന പദ്ധതി ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.
3. പോഷൻ അഭിയാന്റെ ഭാഗമായി അങ്കണവാടി വർക്കർമാർക്ക് ICDS CAS അപ്ഡേഷനുമായി ബന്ധപ്പെട്ട് അനുവദിച്ച മൊബൈൽ ഫോൺ, അനുബന്ധ ഉപകരണങ്ങൾ എന്നിവ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പ് വരുത്തിയ ശേഷം സി.ഡി.പി.ഒമാർ ഏറ്റെടുക്കേണ്ടതാണ്.
4. കോവിഡ്-19 നിർവ്യാപന/ പ്രതിരോധ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ വിരമിക്കുന്ന അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പകരം അങ്കണവാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത തരത്തിൽ താൽക്കാലിക ക്രമീകരണങ്ങൾ സി.ഡി.പി.ഒ തലത്തിൽ ചെയ്യേണ്ടതാണ്.

5. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിവരശേഖരണം അടിയന്തിരമായി നടത്തേണ്ടതിനാൽ വിരമിക്കുന്ന അങ്കണവാടി വർക്കർമാരുടെ ചുമതല ഹെൽപ്പർമാർക്ക് നൽകി ക്രമീകരിക്കുന്ന നടപടി ഒഴിവാക്കേണ്ടതാണ്.
6. ടി ഒഴിവിൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശം പ്രകാരം നിയമനത്തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
7. വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള അനുബന്ധ രേഖകൾ മെയ് 30 നകം ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.
8. ഇവരെ E-Jeevika-കയിൽ inactive (grey colour star) ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
4. എല്ലാ സൂപ്പർവൈസർമാർക്കും
5. കരുതൽ ശേഖരം